# പ്രകൃതിയുടെ സന്ദേശം

ഇപ്പോൾ മഴക്കാലം തുടങ്ങി. ഈ പ്രാവശ്യം സാധാരണയിൽനിന്നും വ്യത്യസ്തമായി മഴയുടെ അളവ് വളരെ കുറവാണ്. മഴ പെയ്താലോ, കാറ്റടിച്ചാലോ നാശനഷ്ടങ്ങൾ സാധാരണത്തേതിലും ഭിന്നമായിരിക്കുന്നു. നാശനഷ്ടങ്ങൾ വർധിച്ചുകൊണ്ടിരിക്കുന്നു. ആരാണിതിനുത്തരവാദി...? സർവതിനും സമ്മതൻ എന്നു നടിക്കുന്ന മനുഷ്യപുത്രനല്ലാതെയാര്. മനുഷ്യന്റെ അടങ്ങാത്ത സ്വാർഥതയ്ക്കുള്ള പ്രകൃതിയുടെ കനത്ത പ്രത്യാഘാതങ്ങൾ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു എന്നു നാം മനസിലാക്കുവാൻ വൈകിക്കൂടാ.

ചുറ്റുപാടില്ലാതെ ഒരു ജീവിക്കും വസ്തുവിനും നിലനിൽപ്പില്ലല്ലോ. അതുകൊണ്ടുതന്നെ പരിസ്ഥിതി സംരക്ഷണം നമ്മുടെ രക്തത്തിൽ അലിഞ്ഞുചേരേണ്ടുന്ന വസ്തുതയാകുന്നു. വനം, കുറ്റിക്കാടുകൾ തുടങ്ങിയവയെ സംരക്ഷിക്കുക - പ്രകൃതിജന്യങ്ങളായ എല്ലാവിധ ജീവജാലങ്ങളേയും പരിപോഷിപ്പിക്കുക എന്നിവയിലൂടെ നാം തികഞ്ഞ ഒരു പ്രകൃതി സ്നേഹിയായിത്തീരുമെന്നതിൽ ശങ്കവേണ്ട.

സജീഷ്, എടക്കുളം